# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

സബ് ജില്ല : ആറ്റിങ്ങൽ

ബി.ആർ.സി:ആറ്റിങ്ങൽ

റവ ജില്ല: തിരുവനന്തപുരം

**EMAIL: glpskulamuttom123@gmail.com**




# Govt. L.P.S.KULAMUTTOM

**English & Malayalam Medium**

# ആമുഖം

തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഒരു കുഞ്ഞു ഗ്രാമമാണ് ുളമുട്ടം.കണ്ണിന് കുളിർമയും മനസ്സിന് സംതൃപ്തിയും നൽകുന്ന ഒട്ടേറെ ാര്യങ്ങൾ ഈ ഗ്രാമത്തിന് സ്വന്തമാണ്. കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന ൗ ഗ്രാമത്തിലാണ് ഗവ.എൽ.പി.എസ് കുളമുട്ടം സ്ഥിതിചെയ്യുന്നത്.

1948-ൽ ദേശ സ്നേഹ തൽപരനായ ശ്രീ ഹബീബ് മുഹമ്മദ്,ശ്രീ മുസ്തഫ ന്നിവിള എന്നിവർ സർക്കാരിന് ഒരു ചക്രം മാറിയ വിലയ്ക്ക് കൈമാറിയ 50 സന്റ് സ്ഥലത്താണ് ഈ സ്ക്കൂൾ ജന്മം കൊണ്ടത്. സ്വതന്ത്ര ഇന്ത്യയുടെ ായമാണ് സ്ക്കൂളിനെന്ന് പറയാം. 2012-2013ൽ ഓലമേഞ്ഞ കെട്ടിടങ്ങൾ ഇന്ന് ോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴി മാറി കൊടുത്തിരിക്കുന്നു എങ്കിലും 1973-74 ലഘട്ടത്തിൽ പണിത ഓടു മേഞ്ഞ കെട്ടിടങ്ങൾ അന്നത്തെ ബാക്കി തമായി ഇന്നും നില കൊള്ളുന്നു 2002 ൽ സ്ക്കൂളിൽ പ്രീപ്രൈമറി വർത്തനമാരംഭിച്ചിട്ടുണ്ട്. 4 ഡിവിഷനുകളുള്ള ഈ സ്ക്കൂളിൽ 5 ധ്യാപകരും ഒരു പി ടി സി എമ്മും 37 വിദ്യാർത്ഥികളുമുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : ഗവ:എൽ.പി.എസ്സ്, കുളമുട്ടം

   വിലാസം: : കുളമുട്ടം പി.ഒ, കവലയൂർ(വഴി)തിരുവനന്തപുരം

   ഫോൺ :
2. സ്കൂൾ കോഡ് : 42316
3. വിദ്യാഭ്യാസ ഉപജില്ല : ആറ്റിങ്ങൽ
4. വിദ്യാഭ്യാസ ജില്ല : ആറ്റിങ്ങൽ
5. റവന്യൂ ജില്ല : തിരുവനന്തപുരം
6. ബി.ആർ.സി : ആറ്റിങ്ങൽ
7. ഗ്രാമപഞ്ചായത്ത് : മണമ്പൂർ
8. താലൂക്ക് : വർക്കല
9. വില്ലേജ് : മണമ്പൂർ
10. ഇ.മെയിൽ : glpskulamuttom123@gmail.com

PAGE NO :                                        DATE :    /    /

ആമുഖം : ഗവ. എൽ. പി. എസ്, കുളമുട്ടം
"സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26" സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നു.
സ്കൂളിന്റെ കാഴ്ചപ്പാട്, അദ്ധ്യാപന ലക്ഷ്യങ്ങൾ, വിവിധ അക്കാദമിക പാഠ്യേതര മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു.
പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും, എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും, ആധുനികമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്. സജീവമായ പി. ടി. എ, എം. പി. ടി. എ, അർപ്പണബോധമുള്ള അധ്യാപകസമൂഹം, പിന്തുണ നൽകുന്ന രക്ഷിതാക്കൾ, വിശാലമായ പൊതുസമൂഹം എന്നിവയുടെ സജീവമായ സഹകരണത്തോടെയാണ് ഈ സമഗ്രമായ രേഖ തയ്യാറാക്കിയിരിക്കുന്നത്.

മാസ്റ്റർ പ്ലാനിന്റെ പൊതു ലക്ഷ്യങ്ങൾ.

സമഗ്രമായ വിദ്യാർത്ഥി വികസനത്തിനും സ്കൂളിന്റെ സമഗ്രമായ പുരോഗതിക്കും വേണ്ടി പ്രധാന ലക്ഷ്യങ്ങൾ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ അക്കാദമികം, സാമൂഹികം, പാരിസ്ഥിതികം സാങ്കേതികം എന്നി മേഖലകളെ ഉൾക്കൊള്ളുന്നു. ഇത് വിദ്യാഭ്യാസ വികസനത്തിനുള്ള ഒരു വിശാലമായ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു.

പ്രധാന അക്കാദമികവും അടിസ്ഥാനപരവുമായ കഴിവുകൾക്കായുള്ള ലക്ഷ്യങ്ങളിൽ സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക എന്നത് ഉൾപ്പെടുന്നു. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി (ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു "ഓരോ കുട്ടിയും അനന്യനാണ്" എന്ന തത്വം മുൻനിർത്തി, കുട്ടികളുടെ വ്യക്തിഗത അഭിരുചികൾക്കും കഴിവുകൾക്കും അനുസരിച്ച് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

അധ്യാപനപരവും വിഭവപരവുമായ മെച്ചപ്പെടുത്തൽ ലക്ഷ്യങ്ങളിൽ, ക്ലാസ് മുറി പ്രവർത്തനങ്ങളിലൂടെ ഒരു വായനാ സംസ്കാരം വളർത്തുന്നത് ഉൾപ്പെടുന്നു. അധ്യാപകരെ ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ ശാക്തീകരിക്കും. അതുവഴി കുട്ടികൾക്ക് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പാക്കും. രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി അവരെ ബോധ്യപ്പെടുത്തും. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട

PAGE NO: DATE: / /

നല്ല ശീലങ്ങൾ വായനാശീലങ്ങൾ തുടങ്ങിയവ ലഭ്യമാകും. സ്വന്തമായി ഇവ നിർമ്മിക്കുവാൻ പ്രാപ്തരാകും. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി വിദ്യാലയ പരിസ-രത്തെ അറിവ് നിർമ്മാണ ഇടങ്ങളാക്കി മാറ്റാനും വിഭാവനം ചെയ്യുന്നു.

വിദ്യാർത്ഥി ശാക്തീകരണവും സാമൂഹികവൽക്ക-രണവും ലക്ഷ്യമിട്ട് ക്ലാസുകൾക്കതീതമായി ഒഴിവാക്കി സജീവമായ വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുവാനായി ആശയവിനിമയശേഷി വർദ്ധി-പ്പിക്കാൻ സാധ്യമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. പരിസ്ഥിതിയും സാമൂഹികപരമായ സന്ദർഭങ്ങളിൽ വിദ്യാലയത്തെ ഒരു ജൈവവൈവിധ്യ കലവറയാക്കി മാറ്റുന്നതും, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം എന്നിവ ഊർജ്ജിതമായി നടപ്പാക്കി മാലിന്യമുക്ത വിദ്യാലയ പദവി നേടുന്നതും, ഹരിത പെരുമാറ്റ-ച്ചട്ടം പാലിക്കുന്നതും ഉൾപ്പെടുന്നു. കാർഷിക-മേഖലകൾ ഔഷധത്തോട്ടങ്ങൾ, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർ-ത്ഥികളെ പ്രാപ്തരാക്കും.

സാങ്കേതിക മുന്നേറ്റം ഒരു പ്രധാന ലക്ഷ്യമാണ്. ഹൈടെക് (ഓൺലൈൻ ചതിക്കുഴി-കളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന വിധം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളിലൂടെയും സൈബറിടത്തിലെ അപകടങ്ങൾ ഭീഷണികൾക്കെതിരായ മുൻകരുതലുകളിലൂടെയും സുരക്ഷയ്ക്കും ക്ഷേമത്തിനും മുൻഗണന നൽകുന്നു.

# പൊതു ലക്ഷ്യങ്ങൾ

ലോകത്തെവിടെയുമുള്ള സമപ്രായക്കാരുമായി നേടിയ അറിവിന്റെയും
ിവിന്റെയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചു എന്നു
പ്പു വരുത്തും.

എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും
ഷയിലെ മലയാളം, ഇംഗ്ലീഷ്, അറബിക്) ഉയർന്ന ശേഷികൾ കൈവരിച്ചു
ന്ന് ഉറപ്പ് വരുത്തും.

ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകളെല്ലാം പഠന
വർത്തനായി വിനിയോഗിച്ച് ക്ലാസ് മുറികൾ ആധുനിക വത്കരിക്കും.

ജനാധിപത്യ പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ
തിക പരിസരത്തിലും ക്ലാസ്റൂം പ്രവർത്തനങ്ങളിലും കാലോചിതമായ
റ്റങ്ങൾ വരുത്തും .

5വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, താൽപര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാക്കും.

സ്ക്കൂൾ ലൈബ്രറി സംവിധാനം ആകർഷക മാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫല പ്രദമാക്കും.

7. പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാകുട്ടികൾക്കും പിന്തുണയും
പ്രോത്സാഹനവും നൽകും.

# അക്കാദമിക മാസ്റ്റർപ്ലാൻ 2025 - 26

## ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

മേഖല : 1 അക്കാദമികം

ഉപമേഖല : 1.1 : ഭാഷാപഠനം - വായന, ലേഖനം

ലക്ഷ്യം : എല്ലാ കുട്ടികളും മികച്ച വായനശേഷി കൈവരിക്കലും വായനയിൽ പ്രാവീണ്യം നേടലും.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ★ പുസ്തകം എന്റെ ചങ്ങാതി<br>പുസ്തകപ്രദർശനം നടത്തി പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ടീച്ചേഴ്സ് | |
| ★ വായനതാരം, ലേഖനതാരം<br>ക്ലാസ്തലത്തിൽ പുസ്തകങ്ങൾ നൽകി മികച്ച വായനതാരത്തെ കണ്ടെത്തുന്നു. വായനക്കുറിപ്പ് തയാറാക്കുന്നതിലൂടെ ലേഖനതാരത്തെയും കണ്ടെത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | |
| ★ എന്റെ വായന അസംബ്ലിയിൽ<br>കുട്ടികൾക്ക് സ്കൂൾ ലൈബ്രറിയിൽ നിന്നും ക്ലാസ് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ നൽകുകയും അവയെക്കുറിച്ച് അസംബ്ലിയിൽ കുട്ടികൾ സംസാരിക്കുകയും ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | |

| | | | |
|---|---|---|---|
| ★ **അറിവരങ്ങ്**<br>അറിവരങ്ങ് എന്ന പേരിൽ നിശ്ചിതമായ പൊതുവിജ്ഞാന ചോദ്യങ്ങൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇവയെ അടിസ്ഥാനമാക്കി ക്വിസുകളും മെഗാക്വിസും നടത്തുന്നു. | June – March. | Teachers | |
| ★ **സ്കൂൾതല പത്രം.**<br>സ്കൂൾ വിശേഷങ്ങൾ ഉൾപ്പെടുത്തി മൂന്നുമാസത്തിലൊരിക്കൽ സ്കൂൾതല പത്രം തയാറാക്കുന്നു. | 3 മാസത്തിലൊരിക്കൽ | Teachers | |
| ★ **സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി.**<br>സ്കൂൾ തലത്തിൽ ലൈബ്രറി സജ്ജമാക്കുന്നു. പ്രവർത്തനക്ഷമമുള്ളതാക്കുന്നു. എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. ക്ലാസുകളിൽ കുട്ടി ലൈബ്രേറിയൻമാരെ നിയമിക്കുന്നു. | ജൂൺ – മാർച്ച് | Teachers | |
| ★ **അമ്മ വായന.**<br>വായനാദിനത്തിൽ തുടക്കമിട്ടുകൊണ്ട് രക്ഷിതാക്കൾക്ക് സാഹിത്യപുസ്തകങ്ങൾ നൽകുകയും അവയെ വിവിധ വ്യവഹാര രൂപങ്ങളാക്കി മാറ്റി എഴുതിക്കുകയും അവരിൽ പ്രോത്സാഹനം വർദ്ധിപ്പിക്കുന്നതിനായി മികച്ച രചനകൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | June 19 – March | | |

| | | | |
|---|---|---|---|
| English - Use English language approopriatley | | | |
| ★ My word book<br>Students prepares a word book and develops the word book with many words related to the lessons. | June - March | Teachers | |
| ★ English assembly<br>Students conducts English assembly once in a week, and in every assembly introduces a famous personality. | June - March. | Teachers, | |
| ★ English fest<br>Conducts an English fest once including all the discourses. | February | | |
| ★ English magazine<br>A magazine will be published once in a year and all the duties are devided by the students for the magazine. | December | Students | |
| Arabic :- അടിസ്ഥാനശേഷികൾ വികസിപ്പിക്കൽ | | | |
| ★ അറബിക് ക്വിസ്<br>★ ഭാഷാകേളികൾ<br>★ അറബിക് അസംബ്ലി<br>★ അറബിക് വായനോത്സവം.<br>★ അറബിക് പതിപ്പ്. | June - March | Arabic Teacher | |

| | | | |
|---|---|---|---|
| ഗണിതം :- എല്ലാ കുട്ടികൾക്കും ഗണിത പഠനം ലളിതവും രസകരവുമാക്കുക. അടിസ്ഥാനശേഷികൾ നേടുക. | | | |
| * ഗണിതകേളികൾ<br>കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകരമായ രീതിയിൽ ഗണിത കേളികൾ നൽകുക. | June-March | ക്ലാസ് ടീച്ചർ. | |
| * ഗണിതമൂല.<br>എല്ലാ ക്ലാസുകളിലും ഗണിതമൂല ക്രമീകരിക്കുക. | June-March | ക്ലാസ് ടീച്ചർ. | |
| * കുട്ടികൾക്കൊരു ഗണിത കിറ്റ്<br>ഗണിത സാമഗ്രികൾ ശേഖരിക്കൽ | June-March | കുട്ടികൾ | |
| * ഗണിതോത്സവം<br>ഏകദിന പരിപാടി. | December | Teachers | |
| ശാസ്ത്രപഠനം :- എല്ലാ കുട്ടികൾക്കും ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കുക. | | | |
| * ഫീൽഡ് ട്രിപ്പുകൾ.<br>കർഷകരുമായി അഭിമുഖം. കൃഷിഭവൻ സന്ദർശനം. | | | |
| * പതിപ്പ് നിർമാണം<br>* എന്റെ പരീക്ഷണം.<br>* പരീക്ഷണ കിറ്റ്.<br>* പരീക്ഷണ കുറിപ്പ്<br>* ശാസ്ത്രോത്സവം. | June-March | Class Teachers | |

| | | | |
|---|---|---|---|
| **ഭൗതികം :- വിദ്യാലയ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ** | | | |
| * വിദ്യാലയ കെട്ടിടം സുരക്ഷ ഉറപ്പാക്കൽ | Jomo Mash | | |
| * പ്രീപ്രൈമറി ക്ലാസ് ആകർഷകമാക്കൽ | Class Tr. | | |
| * ഹാൻഡ് വാഷ്, പൈപ്പ് സൗകര്യം ഒരുക്കൽ കൂടുതൽ കാര്യക്ഷമമായി. | | | |
| * ഹരിതവിദ്യാലയം കൂടുതൽ ആകർഷകമാക്കൽ | | | |
| * പൂന്തോട്ടം, പച്ചക്കറിത്തോട്ടം നിർമാണം | | | |